PROCEEDINGS
OF THE KERALA LEGISLATIVE ASSEMBLY

First Session—1970 (Second Meeting)

Tuesday, 17th March, 1970

Vol. XXVI] OFFICIAL REPORT [No. 24

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Tuesday, March 17 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted Questions for the session).

ORAL ANSWERS

നാലാം പഞ്ചവൽസരപദ്ധതിയിൽ കേരളത്തിന്റെ വിഹിതം

* 177 (698) ശ്രീ. എം. സദാശിവൻ:
,, പി. പി. കൃഷ്ണൻ:
,, കെ. ഐ. രാജൻ:
,, വി. എസ് അച്യുതാനന്ദൻ:
,, എം. കെ. എ. ഹമീദ്:
,, എ. എസ്. പുരുഷോത്തമൻ:
,, പി. കുഞ്ഞൻ:
,, സി. കെ. ബാലകൃഷ്ണൻ:
,, വി. ശ്രീധരൻ:
,, എൻ. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം പഞ്ചവൽസരപദ്ധതിയിൽ കേരളത്തിന്റെ വിഹിതമായി കേന്ദ്രഗവൺമെന്റു വാഗ്ദാനം ചെയ്ത തുകയെന്ത് ;

(ബി) കേരളത്തിന്റെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് പ്രസ്തുത വിഹിതം വർദ്ധിപ്പിച്ചുകിട്ടണമെന്ന് ഈ ഗവൺമെന്റ് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

2/3023/MC

(സി) ഉണ്ടെങ്കിൽ വർദ്ധിപ്പിച്ചുകിട്ടണമെന്നാവശ്യപ്പെട്ട തുകയെന്ത്;

(ഡി) പ്രസ്തുത പദ്ധതിവിഹിതത്തെക്കുറിച്ച് മുൻ പ്ലാനിംഗ് ബോർഡ് എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടോ;

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (എ) പ്ലാനിംഗ് കമ്മീഷൻ 1969 നവംബറിൽ പാർലമെന്റിൽ അവതരിപ്പിച്ച നാലാം പഞ്ചവത്സരപദ്ധതിയുടെ കരടുരേഖയിൽ 258.40 കോടി രൂപ കേരളത്തിന്റെ സംസ്ഥാന പദ്ധതി വിഹിതമായി കാണിച്ചിട്ടുണ്ട്.

(ബി, സി.) കേരളത്തിന്റെ പദ്ധതി വിഹിതം 258.40 കോടി രൂപയായി താൽക്കാലികമായി നിശ്ചയിക്കപ്പെട്ടത് സംസ്ഥാനത്തിന്റെ വിഭവശേഷി പുനർനിർണ്ണയം ചെയ്തതനുസരിച്ച് കഴിഞ്ഞ നവംബർമാസം പ്ലാനിംഗ് കമ്മീഷനുമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിലാണ്. അതിനുശേഷം കേന്ദ്രഗവൺമെന്റു സഹകാര്യമേഖലയിലെ മുതൽമുടക്ക് 1481 കോടി രൂപയും തൻമൂലം സംസ്ഥാനങ്ങൾക്കുള്ള വിഹിതം 517 കോടി രൂപയും വർദ്ധിപ്പിച്ചതായി പത്രവാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപെടുകയുണ്ടായി. ഈ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്കുള്ള വിഹിതം പുനഃപരിശോധിക്കണമെന്നു കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ മാസം 21, 22 തീയതികളിൽ കൂടാൻ നിശ്ചയിച്ചിരിക്കുന്ന ദേശീയ വികസന കൗൺസിൽയോഗത്തിലും ഈ പ്രശ്നം ഉന്നയിക്കുന്നതാണ്.

(ഡി) മുൻ പ്ലാനിംഗ്ബോർഡ് വൈസ് ചെയർമാൻ സംസ്ഥാന പദ്ധതി വിഹിതം തൃപ്തികരമല്ലെന്നു ഒരു പത്ര പ്രസ്താവന നടത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. മുഹമ്മദ് ശിവൻ: ശ്രീ. ഇ. എം. സ്. മുഖ്യമന്ത്രിയായിരുന്ന കാലത്ത് സംസ്ഥാനത്തെ നാലാം പദ്ധതിയുടെ അടങ്കൽ 258 കോടി രൂപയായി കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ നിശ്ചയിച്ചപ്പോഴും അതിനെ അദ്ദേഹം നിഷേധിക്കുകയുണ്ടായി. എന്നാൽ ഇപ്പോഴും 258 കോടി രൂപാകൊണ്ട് ഈ ഗവൺമെന്റു തൃപ്തിപ്പെടാൻ കാരണമെന്താണെന്നു വ്യക്തമാക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: മുൻഗവൺമെന്റു ഇരുന്നകാലത്ത് പ്ലാനിംഗ്ബോർഡ് സംസ്ഥാനത്തിന്റെ പദ്ധതി വിഹിതം 460 കോടിരൂപായായിട്ട് നിശ്ചയിക്കണമെന്നു പറഞ്ഞുകൊണ്ട് ഒരു രേഖ കേന്ദ്രഗവൺമെന്റിനു സമർപ്പിക്കുകയുണ്ടായി. പക്ഷേ കേന്ദ്രഗവൺമെന്റ് അതു അനുവദിച്ചില്ല. 1969 നവംബർമാസം 258.4 കോടി രൂപാമാത്രമേ സംസ്ഥാനത്തിന് അനുവദിക്കുകയുള്ളുവെന്നു പറഞ്ഞു. അതിനുശേഷം ഞങ്ങൾ ഡിസംബറിനു കേന്ദ്രത്തിൽപോയത് വാർഷികപദ്ധതിയെപ്പറ്റി ചർച്ച ചെയ്യാനാണ്. അതുപോലെ തന്നെ റിസോഴ്സസിനെപ്പറ്റിയും ചർച്ചചെയ്തു. അങ്ങനെ ഒരുവർഷത്തെ പദ്ധതി വിഹിതം നിശ്ചയിക്കുകയുമുണ്ടായി. ഇനി വരുന്ന അവസരങ്ങളിൽ കഴിയുന്നത്ര പദ്ധതി വിഹിതം കൂട്ടികിട്ടാൻവേണ്ടി ശ്രമിക്കുന്നതാണ്.

ശ്രീ. പി. പി. കൃഷ്ണൻ: ഈ 258 കോടി രൂപയിൽ 165 കോടി രൂപാ കേന്ദ്രവിഹിതമാണ്. ബാക്കിതുക എങ്ങനെ സമാഹരിക്കാമെന്നാണ് ഗവൺമെന്റു വിചാരിക്കുന്നത്.

ശ്രീ. സി. അച്യുതമേനോൻ: അതിന് താൽക്കാലികമായിട്ടുള്ള ഒരു നിർദ്ദേശം ഞങ്ങൾ വച്ചിട്ടുണ്ട്. അൻപതുകോടിരൂപയോളം സംസ്ഥാനഗവൺ

LIBRARY ARCHIVES Kerala Legislative Assembly

മെൻറു ഉണ്ടാക്കണം. ബാക്കി ബാങ്കുകളിൽനിന്നും മറ്റു ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്നും കടമായിട്ടും സമാഹരിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറു പ്രതീക്ഷിക്കുന്നത്. ബാക്കി 50 കോടിരൂപ സ്റ്റേറ്റു ഗവൺമെൻറു തന്നെ ഉണ്ടാക്കണം.

ശ്രീ. പി. പി. കൃഷ്ണൻ: ആളോഹരി വരുമാനത്തോത് ആളിൻഡ്യാ വരുമാനത്തിനേക്കാൾ കുറഞ്ഞിരിക്കുന്ന കേരളത്തിന് ഈ നിലയിൽ എത്ര പദ്ധതികൾ കഴിഞ്ഞാൽ ആ ഇൻഡ്യാ നിലവാരത്തിൽ എത്തിച്ചേരാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: അതിനെസംബന്ധിച്ച കണക്കുകളൊക്കെയുണ്ട്, പക്ഷേ ഇപ്പോൾ എൻെറ കൈവശമില്ല. ആളോഹരിയെ സംബന്ധിച്ചിടത്തോളം ആളിൻഡ്യയേക്കാൾ വളരെ താഴെയാണ് കേരളം എന്നുള്ളകാര്യത്തിൽ യാതൊരു സംശയവുമില്ല. അതിൻെറ അടിസ്ഥാനത്തിൽ കേന്ദ്രവിഹിതം പങ്കുവയ്ക്കുന്ന കാര്യത്തിൽ 10 ശതമാനത്തിൻെറ ആനുകൂല്യം കേരളത്തിനു കിട്ടിയിട്ടുമുണ്ട്. ഇങ്ങനെ മറ്റു പല സംസ്ഥാനങ്ങൾക്കും കിട്ടിയിട്ടുണ്ട്. നാഷണൽ ഡവലപ്പുമെൻറു കൗൺസിലാണ് ഇങ്ങനെ ഒരു തീരുമാനം എടുത്തത്.

ശ്രീ. കെ. ഐ. രാജൻ: നാലാം പഞ്ചവൽസരപദ്ധതിക്ക് അഖിലേൻഡ്യാടിസ്ഥാനത്തിൽ വച്ചിരിക്കുന്ന അടങ്കൽ എത്രയാണെന്നു പറയാമോ?

ശ്രീ. സി. അച്യുതമേനോൻ: മൊത്തം അടങ്കൽ പുതുക്കി നിശ്ചയിച്ചിട്ടുള്ളത് 24882 കോടിരൂപയാണ്.

ശ്രീ. എം. കെ. എ. ഹമീദ്: നാലാം പഞ്ചവൽസരപദ്ധതി ആദ്യം 1966–71 കാലഘട്ടത്തിൽ നടക്കുമെന്നായിരുന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ മൂന്നുവർഷം കഴിഞ്ഞിട്ട് ഇപ്പോഴും 1966–71–ൽ നിശ്ചയിച്ചിരുന്ന 258 കോടിരൂപയുടെ അടങ്കൽതന്നെയാണ് കേരളത്തിന്. അതിനു ശേഷം നാണയവില ഇടിയുകയും വിലവർദ്ധിക്കുകയും അഖിലേൻഡ്യഅടിസ്ഥാനത്തിൽതന്നെ പ്ലാനിൻെറ വലിപ്പം കൂടുകയും ഒക്കെ ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള ഒരു പരിതസ്ഥിതിയിലും 1966–71 കാലത്തേയ്ക്ക് നിശ്ചയിച്ചിരുന്ന 291 കോടിക്ക് 30 കോടി കുറഞ്ഞ തുകകൊണ്ട് തൃപ്തിപ്പെടാൻ സംസ്ഥാനഗവൺമെൻറു തീരുമാനിച്ചത് എന്തുകൊണ്ടാണ്?

ശ്രീ. സി. അച്യുതമേനോൻ: തൃപ്തിപ്പെട്ടതായി ഞാൻ പറഞ്ഞില്ല. 258 കോടിരൂപയുടെ ആഫർ മുൻഗവൺമെൻറിൻെറ കാലത്തുണ്ടായതാണ് അതുകഴിഞ്ഞ ഏപ്രിൽമാസത്തിലുമാണ്. അതിൽ അന്ന് ഏതെല്ലാംതരത്തിലാണ് പ്രതിഷേധം രേഖപ്പെടുത്തിയതെന്ന് അറിഞ്ഞുകൂടാ. ഞങ്ങൾ ഡിസ്ക്കസുചെയ്യാൻ പോയത് വാർഷികപ്പ്ലാനിൻെറ കാര്യവും റിഡോഴ്സസിൻെറ കാര്യവും മറ്റുമാണ്. ഇനിയും നാഷണൽ ഡവലപ്പുമെൻറു കൗൺസിലിൽ ഈ വിഹിതം വർദ്ധിപ്പിച്ചുകിട്ടാൻ കഴിയുന്നതെല്ലാം ചെയ്യുന്നതാണ്.

ശ്രീ. എം. കെ. എ. ഹമീദ്: ഇ. എം. എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്ത് 258 കോടിരൂപയുടെ ആഫർ വരുകയും അന്നത്തെ മുഖ്യമന്ത്രി അതിൽ പ്രതിഷേധിക്കുകയും ചെയ്തതിനുശേഷം ഇന്നത്തെ ഗവൺമെൻറു വന്നപ്പോൾ അതു സ്വീകരിക്കുകയും ചെയ്തതിനു കാരണമെന്താണെന്നു പറയാൻ കഴിയുമോകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ: സ്വീകരിച്ചിട്ടില്ല. വാർഷികപ്പാനി നെപ്പറ്റി ഡിസ്ക്കസുചെയ്യുമ്പോഴും ഏതെങ്കിലും ഒരു ഫിഗർ ഉണ്ടായിരിക്കണം. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ചർച്ചചെയ്യാൻ പറ്റുകയുള്ളു. 258 കോടി രൂപാ കിട്ടണമെങ്കിൽത്തന്നെയും ഫൈനാൻസ് കമ്മീഷന്റെ അവാർഡു പ്രകാരം നാൻപ്പാനിന്റെ തുക കുമിവരുന്നതുകൊണ്ട് നാലാംപദ്ധതിക്കു വേണ്ടി ഉപയോഗിക്കാൻ പറ്റുകയില്ലെന്ന നിലയുണ്ടായിരുന്നു. ആ കമ്മി നികത്തികിട്ടാൻവേണ്ടിയിട്ട് ഫൈനാൻസ് കമ്മീഷന്റെ അവാർഡു മൂലം ഉണ്ടായിട്ടുള്ള പരിതഃസ്ഥിതി ചർച്ചചെയ്യണമെന്നു പറഞ്ഞു അതിനുശേഷം പദ്ധതിവിഹിതം തീരുമാനിക്കാവൂ എന്നും പറഞ്ഞു.

ശ്രീ. എം. കെ. എ. ഹമീദ്: 258 കോടി രൂപയുടെ ആഫർ ഉണ്ടായപ്പോഴും അന്നത്തെ മുഖ്യമന്ത്രി അതിൽ പ്രതിഷേധിച്ചു നാഷണൽ ഡവലപ്പുമെന്റു കൗൺസിലിൽ വെറും റബ്ബർസ്റ്റാമ്പായി ഇരിക്കാൻ സാധ്യമല്ലെന്നു പറയുകയുണ്ടായി. അതു ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കിയിട്ടില്ലെന്നാണോ വിചാരിക്കേണ്ടതു?

ശ്രീ. സി. അച്യുതമേനോൻ: അന്നത്തെ മുഖ്യമന്ത്രി അങ്ങനെ ഒരു നിലപാടു സ്വീകരിച്ചിരുന്നു. ആ നിലപാടു ശരിയുമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തന്നെയായിരുന്നു സംസ്ഥാനത്തിന്റെ പദ്ധതിവിഹിതം പരമാവധി വർദ്ധിപ്പിച്ചുകിട്ടാൻ ശ്രമിക്കുന്നതും. പക്ഷേ ഒരുകാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. തുകയും മറ്റും തീരുമാനിക്കുന്നത് അവരാണ്.

ശ്രീ. എ. എസ്. പുരുഷോത്തമൻ: 258 കോടിരൂപാ നാലാം പദ്ധതിക്കാലത്ത് ചെലവഴിച്ചാൽ പ്രതിശീർഷവരുമാനം എത്രകണ്ടു വർദ്ധിക്കുമെന്നു കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഇപ്പോഴും എനിക്കു പറയാൻ പറ്റുകയില്ല. നോട്ടീസുവേണം.

ശ്രീ. എ. എസ്. പുരുഷോത്തമൻ: കഴിഞ്ഞ എല്ലാ പദ്ധതികളിലും കേരളത്തെ അവഗണിച്ചിട്ടുണ്ടെന്നു നാം പരാതിപ്പെട്ടിട്ടുണ്ട്. തുടർന്നും ഈ അവഗണനയുണ്ടാകുന്നതുകൊണ്ട് ഈ അവഗണന അവസാനിപ്പിച്ച് നമുക്ക് അർഹതപ്പെട്ടത് നേടിയെടുക്കാൻ എന്തെങ്കിലും പ്രത്യേകപരിപാടി സ്വീകരിക്കാൻ ഈ ഗവൺമെന്റു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അവഗണനയിൽ പ്രതിഷേധിക്കുക, കൂടുതൽ വിഹിതം കിട്ടുന്നതിനുവേണ്ടിയുള്ള കേസ്സു ഉണ്ടാക്കി സമർപ്പിക്കുക ഇതെല്ലാമല്ലാതെ മറെന്തു പരിപാടിയാണുള്ളതെന്ന് അറിഞ്ഞുകൂടാ.

ശ്രീ. എ. എസ്. പുരുഷോത്തമൻ: മറ്റു സംസ്ഥാനങ്ങളെ കേന്ദ്രം അവഗണിക്കുന്നതിനെതിരായിട്ട് അവിടത്തെ ഗവൺമെന്റു ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ട് പ്രക്ഷോഭണങ്ങളും സമരങ്ങളും നടത്തിയിട്ടുണ്ട്. ഉദാഹരണത്തിന് ആസാമിൽ ഒരു എണ്ണശുദ്ധീകരണശാലസ്ഥാപിക്കുന്നതിന് ആ മാതിരി ഒരു നടപടിയുണ്ടായിട്ടുണ്ട്. അതുപോലെ നമ്മുടെ സംസ്ഥാനത്തിലും ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള പ്രക്ഷോഭണങ്ങളോ സമരങ്ങളോ നടത്താൻ ഈ ഗവൺമെന്റു തയ്യാറാകുമോ?

ശ്രീ. സി. അച്യുതമേനോൻ: പദ്ധതിവിഹിതത്തിനുവേണ്ടി പൊതുവിൽ ഏതെങ്കിലും സംസ്ഥാനം പ്രക്ഷോഭണം സംഘടിപ്പിച്ചതായി എനിക്കു

അറിവില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് എണ്ണശുദ്ധീകരണശാല യുടെ കാര്യമാണ്. അതുപോലെ നമ്മുടെ സംസ്ഥാനത്തും കപ്പൽ നിർമ്മാണ ശാലയുടെ കാര്യത്തിൽ എല്ലാ പാർട്ടികളും യോജിച്ചുനിന്നുകൊണ്ട് 66-ൽ ചില സമരങ്ങളും നടത്തി. അതുപോലെയുള്ള കാര്യങ്ങളെപ്പറ്റി നമുക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: നാലാം പദ്ധതിക്കാലത്ത് കേന്ദ്ര ഗവൺമെന്റു നേരിട്ട് സംസ്ഥാനങ്ങളിൽ നടത്തുന്ന വ്യവസായ സ്ഥാപന ങ്ങളിൽ കേരളത്തിന് കൂടുതൽ തുക നീക്കിവയ്ക്കണമെന്നാവശ്യപ്പെട്ടി ട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തു തുകയാണ്?

ശ്രീ. സി. അച്യുതമേനോൻ: അതു തുകയല്ല. കേന്ദ്രം നേരിട്ടു പണംമുടക്കി നടത്തുന്ന വ്യവസായങ്ങളും ഈ സംസ്ഥാനത്തു തുടങ്ങണമെന്നാ വശ്യപ്പെട്ടിട്ടുള്ളത്. അതിന്റെ കൂട്ടത്തിൽ കപ്പൽനിർമ്മാണകേന്ദ്രവു മുണ്ട്. കൂടാതെ ഒരു ന്യൂസ് പ്രിൻറു ഫാക്ടറിയുടെ പ്രശ്നവുമുണ്ട്. അതുപോലെ സ്റ്റീൽ പ്ലാൻറ്. ഇരുമ്പയിര് ഉണ്ടെന്നു തെളിയുകയാണെ ങ്കിൽ അതു സ്ഥാപിക്കാൻ കഴിയും. മറെറാന്ന് കൊച്ചിൻ ഫെർട്ടിലൈ സേഴ്സ്. അതു ഗവൺമെൻറു തന്നെ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഇത്തര ത്തിൽ ഒരു ഇൻവെസ്റ്റ്മെൻറു-കേന്ദ്രത്തിൽനിന്ന് പണംമുടക്കി വ്യവസായ ങ്ങളും തുടങ്ങണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: സാധാരണ ഒരു പ്ലാൻസ്കീം തയ്യാ റാക്കുമ്പോഴും തുകകളും അലോട്ടു ചെയ്തിട്ടാണല്ലോ ഓരോ സംസ്ഥാനത്തി നും മാററിവയ്ക്കുന്നത്. അങ്ങനെയാണെങ്കിൽ കേന്ദ്രം നേരിട്ടുനട ത്തുന്ന വ്യവസായസ്ഥാപനങ്ങളും നമ്മുടെ സംസ്ഥാനത്ത് വളരെ ചുരുങ്ങി യിരിക്കുകയും തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുകയുംചെയ്യുന്ന ഈ സന്ദർഭത്തിൽ കൂടുതൽവ്യവസായങ്ങളും ഇവിടെ തുടങ്ങുന്നതിന് അധികം തുക അനുവദിക്കുന്നതിന് ആവശ്യപ്പെട്ടുകൂടേ?

ശ്രീ. സി. അച്യുതമേനോൻ: ഈ ഗവൺമെൻറുവന്നശേഷം സ്റ്റീൽ പ്ലാൻറിന്റെ കാര്യം പറഞ്ഞിട്ടുണ്ട്. കൂടാതെ മുമ്പുള്ള പല പ്രശ്നങ്ങളും ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. കൃത്യമായ തുക പറയാൻ സാധിക്കുക യില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: കേന്ദ്രഗവൺമെൻറിന്റെ ലൈസൻസിംഗ് പോളിസി സംബന്ധിച്ച് പുതുതായി ഏർപ്പെടുത്തിയിരി ക്കുന്ന പദ്ധതിയനുസരിച്ച് കേരളംപോലെ അവികസിതമായ സംസ്ഥാന ങ്ങളിൽ പുതിയ വ്യവസായങ്ങളും തുടങ്ങുന്നതിനുള്ള സാധ്യത കുറയുമെന്നു മനസ്സിലാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അതിനെതിരായി കേന്ദ്രഗവൺമെൻറിൽ നിവേദനംനടത്തുകയും ചർച്ചകൾനടത്തുകയും ചെയ്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: പോളിസിയിൽ ഏർപ്പെടുത്തിയിട്ടുള്ള പുതിയ പദ്ധതി കേരളത്തെസംബന്ധിച്ചിടത്തോളം എന്താണെന്നു വ്യക്തമായി പഠിച്ചിട്ടില്ല. കേരളത്തെസംബന്ധിച്ചിടത്തോളം ഹാനികരമായി ബാധിക്കുമെന്നുള്ളതുകൊണ്ട് തീർച്ചയായിട്ടും അതു പരിഗണിക്കും.

ശ്രീ. കെ. എം. മാണി: 1969-ലാണ് 258 കോടിരൂപ നിശ്ചയിക്ക പ്പെട്ടതെന്നുപറഞ്ഞു. അന്നു അതു തൃപ്തികരമല്ലെന്നും സ്ഥിതിഗതി

LIBRARY ARCHIVES Kerala Legislative Assembly

മല്ലെന്നും പൊതുഅഭിപ്രായം പറഞ്ഞതല്ലാതെ ആ തുക വർദ്ധിപ്പിച്ചുകിട്ടുന്നതിനുവേണ്ടി ശക്തമായ എന്തെങ്കിലും നടപടിമുൻകാലഗവൺമെൻറു സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്തായിരുന്നു?

ശ്രീ. സി. അച്യുതമേനോൻ: ശക്തമായനടപടി എന്നുവച്ചാൽ പ്രതിഷേധം പുറപ്പെടുവിച്ച പ്രസ്താവനകൾ കണ്ടിട്ടുണ്ട്. അതല്ലാതെ എന്തെങ്കിലും നടപടിയെടുത്തതായി അറിവില്ല.

ശ്രീ. എം. രാമുണ്ണി: മൂന്നാം പഞ്ചവൽസരപദ്ധതി അവസാനിക്കുകയും നാലാം പഞ്ചവൽസരപദ്ധതി തുടങ്ങുകയുംചെയ്യുന്നതിനിടയ്ക്കുള്ള പ്ലാൻ ഹോളിഡേ സമയത്ത് കേന്ദ്രഗവൺമെൻറിൽനിന്ന് ഈ ഗവൺമെൻറിന് എന്തു സഹായം ലഭിച്ചു?

ശ്രീ. സി. അച്യുതമേനോൻ: വേറെ ചോദ്യം ചോദിക്കണം.

ഡോ. ജോർജ്തോമസ്: കേരളത്തിന് നൽകുന്ന പദ്ധതി വിഹിതമൊന്നും മതിയല്ലെന്നുള്ളത് പരിഗണിച്ചു അതിനുവേണ്ടി ഒരുമിച്ചു ശബ്ദമുയർത്തുന്നതിന് ഗവൺമെൻറു മുൻകൈയെടുത്ത് എന്തെങ്കിലും ചെയ്യുന്നുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അതെപ്പറ്റി ആലോചിക്കാം.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: കേരളത്തിനുള്ള പദ്ധതിക്ക് നൽകുന്ന വിഹിതത്തിൻെറ കേന്ദ്രവിഹിതവും സംസ്ഥാനവിഹിതവും തമ്മിലുള്ള അനുപാതത്തിന് മാറ്റംവരുത്തിയിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: 1969 ഏപ്രിലിൽ അനുവദിച്ചത് 169 കോടി ഉറുപ്പികയാണ്. അതിന് യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ദേശീയവികസനകൗൺസിലിൽ ഓരോ സംസ്ഥാനത്തിൻെറ വിഹിതത്തെപ്പറ്റി വളരെയധികം വിമർശനങ്ങളുണ്ടായതിൻെറ അടിസ്ഥാനത്തിൽ ചില തത്വങ്ങൾ ആവിഷ്ക്കരിക്കുകയുണ്ടായി. ഓർമ്മയിൽനിന്നു പറയുകയാണെങ്കിൽ 60% ജനസംഖ്യയുടെ അടിസ്ഥാനത്തിലും 10 ശതമാനം ആളോഹരിവരുമാനം ഉണ്ടാക്കുന്ന സംസ്ഥാനത്തിന് പ്രത്യേകമായി കൊടുക്കുക എന്നുള്ള അടിസ്ഥാനത്തിലും പിന്നെ 10 ശതമാനം നികുതി ചുമത്തി പണമുണ്ടാക്കാൻ പരിശ്രമം നടത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള ഒരു പരിഗണയെന്നുള്ള നിലയിലും ആണ്. ഇങ്ങനെ നാലഞ്ചു തത്വങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഫോർമുല അംഗീകരിച്ചിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ കിട്ടിയതാണ് 169 കോടി രൂപ. ദേശീയവികസനകൗൺസിൽ അംഗീകരിച്ച തത്വമായതുകൊണ്ടാണ് അതിൽ മാറ്റംവരുത്താൻസാധിക്കാത്തത്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: കേന്ദ്രം കേരളത്തിനു തരുന്ന പദ്ധതിവിഹിതത്തിൽ ഭൂരിഭാഗം തുകയും സംസ്ഥാനം കൊടുക്കേണ്ട തുകയിൽ തട്ടിക്കഴിക്കുന്നതുകൊണ്ട് കേന്ദ്രത്തിൽനിന്നു ഫലത്തിൽ കുറച്ചു തുക മാത്രമേ ലഭിക്കുന്നുള്ളു. അതിനൊരു പരിഹാരമെന്നുള്ള നിലയിൽ എന്തെങ്കിലും നിർദ്ദേശംവച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അത് ഈ സംസ്ഥാനം മാത്രമല്ല എല്ലാ സംസ്ഥാനങ്ങളും ഉന്നയിച്ചിട്ടുള്ള കാര്യമാണ്. കേന്ദ്രഗവൺമെൻറു പണ്ടു തന്നിരുന്ന കടങ്ങളെല്ലാംതന്നെ പലിശസഹിതം ഗഡുക്കളായി അടച്ചുകൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തിനു പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി സംസ്ഥാനഗവൺമെൻറുകളും കേന്ദ്രത്തിനു കൊടുക്കേണ്ട കടത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം അതു ഒരു നീണ്ട കാലാവധിക്കു തരികയോ പലിശ കുറയ്ക്കുകയോ വേണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യം പരിഗണിച്ചു കൊണ്ടിരിക്കുകയാണ്.

ഡോ. ജോർജ്തോമസ്: സർ, എന്റെ ചോദ്യത്തിന് ആലോചിക്കാമെന്നു പറഞ്ഞു. അതിൽനിന്നർത്ഥമാകുന്നത് ഇത്ര ഗുരുതരമായ പ്രശ്നത്തെപ്പറ്റി കേരളത്തിലെ ജനങ്ങളുടെ അഭിപ്രായം ആരായുന്നതിനും ശബ്ദമുയർത്തുന്നതിനും ഗവൺമെന്റ് ഇതുവരെ പരിഗണിച്ചിട്ടില്ലായിരുന്നെന്നല്ലേ? അങ്ങനെയാണെങ്കിൽ പരിഗണിക്കുന്നതുസംബന്ധിച്ച് അടിയന്തിരമായ നടപടി സ്വീകരിക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: ഇതുവരെ പ്രായോഗികമായി നടപടിയൊന്നും എടുത്തിട്ടില്ലെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ടാണല്ലോ ആലോചിക്കാമെന്നു പറഞ്ഞത്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: 15 വർഷം കൊണ്ട് നമ്മുടെ സംസ്ഥാനത്തെ ആളോഹരിവരുമാനം ഇനത്തിൽ ഉണ്ടായിട്ടുള്ള വർദ്ധനവും കണക്കുകളും വാദഗതികളും ഉദ്ധരിച്ചുകൊണ്ട് മുൻ പ്ലാനിംഗ് ബോർഡ് തയ്യാറാക്കിയ രേഖ ദേശീയവികസനകൗൺസിലിന്റെയും പ്ലാനിംഗ് കമ്മീഷന്റെയും മുമ്പിൽ ചർച്ചയ്ക്ക് അവതരിപ്പിച്ചുകൊണ്ട് മുൻഗവൺമെന്റ് ഈ സംസ്ഥാനത്തിനുവേണ്ടി നല്ല ഒരു കേസ് അവതരിപ്പിച്ച് അതിന്റെ അടിസ്ഥാനത്തിൽ ശക്തിയായി 256 കോടി എന്നുള്ളതിന് പ്രതിഷേധമായി വാദഗതികളുന്നയിച്ചിരുന്നില്ലേ?

ശ്രീ. സി. അച്യുതമേനോൻ: അത് എല്ലാവർക്കും അറിയാവുന്നതാണ്. 460 കോടി രൂപയുടെ മുതൽമുടക്ക് ഈ സംസ്ഥാനത്തിന് നാലാം പഞ്ചവൽസരപദ്ധതിക്ക് വേണമെന്നുപറഞ്ഞുകൊണ്ട് വാദിച്ചിട്ടുണ്ട്. മുൻ പ്ലാനിംഗ് കമ്മീഷൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിയിൽ അങ്ങനെയാണു കാണുന്നത്. മെംബർമാർക്ക് അതിന്റെ കോപ്പി വിതരണംചെയ്തിട്ടുണ്ട്. പക്ഷേ എന്തൊക്കെ ഉന്നയിച്ചാലും കേന്ദ്രഗവൺമെന്റു തീരുമാനിച്ച പാർലമെന്റിന്റെ പദ്ധതിയിൽ കാണുന്നത് 258 കോടി രൂപമാത്രമേ അനുവദിച്ചിട്ടുള്ളു എന്നാണ്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സാമ്പത്തികമായും വ്യാവസായികമായും പിന്നോക്കം നിൽക്കുന്ന സംസ്ഥാനമല്ല കേരളം എന്നു വരുത്തിത്തീർക്കാനായി പ്ലാനിംഗ് കമ്മീഷൻ സെക്രട്ടറി പാണ്ഡേയുടെ കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ റിപ്പോർട്ടു നിരാകരിച്ചുകൊണ്ട് നടപടിസ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുമ്പിരുന്ന ഗവൺമെന്റും പ്ലാനിംഗ് കമ്മീഷനും എഴുതിയിട്ടുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി: ആ റിപ്പോർട്ടു നമ്മുടെയൊക്കെ പ്രതിഷേധത്തിന്റെ പേരിൽ തള്ളികളഞ്ഞിട്ടില്ലേ?

ശ്രീ. സി. അച്യുതമേനോൻ: നോട്ടീസുവേണം. എനിക്കറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: നമ്മുടെ പരാധീനതകളും സാധ്യതകളും ഇതിനുമുമ്പു വ്യക്തമാക്കപ്പെട്ടിട്ടില്ലാതിരുന്നതുകൊണ്ടാണ് കേരളം അവഗണിക്കപ്പെട്ടത് എന്നുള്ള പരാതികളുണ്ടാകുന്നതുകൊണ്ട് നമ്മുടെ ബുദ്ധി

LIBRARY ARCHIVES Kerala Legislative Assembly

മുട്ടുകൾ വിശദീകരിച്ചുകൊണ്ട് അവയ്ക്കു പരിഹാരം നൽകുന്നതിനുള്ള ഒരു പദ്ധതിയാണ് കേരള പ്ലാനിംഗ് ബോർഡ് തയ്യാറാക്കിവച്ചത്. ആ പദ്ധതിയുടെ അടിസ്ഥാനത്തിലുള്ള വിഹിതം അനുവദിച്ചുകിട്ടുന്നതിനുവേണ്ടി വിവിധകക്ഷികളുടെ പിന്തുണയോടുകൂടിയുള്ള ഒരു പ്രക്ഷോഭണത്തിന് നമ്മുടെ ഗവൺമെന്റു മുൻകൈയെടുക്കുമോ?

ശ്രീ. സി. അച്യുതമേനോൻ: അതു ജോർജ് തോമസിന്റെ ചോദ്യത്തിനുത്തരമായി പറഞ്ഞുകഴിഞ്ഞു. അതെപ്പറ്റി ആലോചിക്കാം.

ശ്രീ. മുസ്തഫാകെമാൽ: ഇ. എം. എസിന്റെ മന്ത്രിസഭയുടെ കാലത്ത് ഇതെപ്പറ്റിപ്ലാനിംഗ് ബോർഡുമായും മറ്റും ചർച്ചചെയ്തിട്ടാണ് ഡൽഹിക്കു പോകാറുള്ളത് അതുപോലെതന്നെ പ്ലാനിംഗ് ബോർഡിന്റെ വൈസ്ചെയർമാനെയും അനൗദ്യോഗികാംഗങ്ങളെയുംകൂടി ചർച്ചചെയ്യാൻ പോകുന്ന അവസരത്തിൽ കൊണ്ടുപോകാറുണ്ട്. ഈ ഗവൺമെന്റു വന്നതിനു ശേഷം അവരെയൊന്നും കൊണ്ടുപോകാതിരിക്കാനെന്താണ് കാരണം?

ശ്രീ. സി. അച്യുതമേനോൻ: പ്രത്യേക കാരണം ഇപ്പോൾ പ്ലാനിംഗ് ബോർഡിൽ അനൗദ്യോഗികാംഗങ്ങൾ ഇല്ലെന്നുള്ളതാണ്.

ശ്രീ. മുസ്തഫാകെമാൽ: പിരിച്ചുവിടുന്നതിനുമുൻപു മുഖ്യമന്ത്രി ഡൽഹിക്കു പോയപ്പോഴുള്ള കാര്യമാണു പറഞ്ഞത്.

ശ്രീ. ഇ. അഹമ്മദ്: കേരളത്തിനു ഇപ്പോൾ കിട്ടിയിട്ടുള്ള വിഹിതം നാഷണൽ ഡെവലപ്പുമെന്റു കൗൺസിലിൽ ചർച്ചചെയ്തതാണെന്നുപറഞ്ഞു. ആ മാനദണ്ഡം കേരളത്തിനംഗീകരിച്ചിട്ടുണ്ടോ? നമുക്കു കിട്ടിയ സംഖ്യ വളരെക്കുറവായതുകൊണ്ടു അതു കേന്ദ്രഗവൺമെന്റിനെ അറിയിക്കാൻ തയ്യാറാണോ?

ശ്രീ. സി. അച്യുതമേനോൻ: മാനദണ്ഡത്തെസംബന്ധിച്ചു പരിശോധിച്ചിട്ടില്ല. അതു എല്ലാ മുഖ്യമന്ത്രിമാരും അംഗീകരിച്ചു കഴിഞ്ഞു എന്നാണു മനസ്സിലാക്കുന്നത്.

കാർഷികോപകരണങ്ങളുടെ വിതരണം

* 178. (699.) ശ്രീ. സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോഇൻഡസ്ട്രീസ് കോർപ്പറേഷൻ 1969 വരെ കാർഷികോപകരണങ്ങൾക്കുള്ള എത്ര അപേക്ഷകൾ പരിഗണിച്ചിട്ടുണ്ട്;

(ബി) എത്ര ഉറുപ്പികയുടെ കാർഷികോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്?

ജലസേചനവും കൃഷിയും മന്ത്രി (ശ്രീ. ഒ. കോരൻ):

(എ) ഏകദേശം നാലായിരം അപേക്ഷകൾ ലഭിച്ചതിൽ രണ്ടായിരത്തിഅഞ്ഞൂറോളം അപേക്ഷകർക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ബി) 1969 അവസാനംവരെ ആകെ 750 കാർഷികോപകരണങ്ങൾ ഹയർപർച്ചേസിൽ നിന്നു കൊടുത്തിട്ടുണ്ട് കൂടാതെ 78 ട്രാക്ടറുകളും 14 പവ്വർ ടില്ലറുകളും രൊക്കം വിലയ്ക്കു കൃഷിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ആകെ 44.39 ലക്ഷം രൂപയുടെ കാർഷികോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly